3

# ഗുണഭോക്താക്കൾ സഭയുടെ ഉദ്ദേശം ആഴത്തിൽ മനസിലാക്കുവാനായി പൗലൊസിന്റെ പ്രാർത്ഥന

## (1:15- 23)

എഫെസ്യയിലെ സഹോദരന്മാരെ കുറിച്ച് വിചാരിക്കുമ്പോൾ, പൗലൊസ് അവർക്കു വേണ്ടി പ്രാർത്ഥിച്ചിരുന്നു. 1:15–23–ൽ, മഹത്തായ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങൾക്കുവേണ്ടിയായിരുന്നു അവൻ പ്രാർത്ഥിച്ചത്.

### മുഖവുര (1:15-18)

**[15]അതു നിമിത്തം ഞാനും നിങ്ങൾക്കു കർത്താവായ യേശുവിലുള്ള വിശ്വാസത്തെയും സകലവിശുദ്ധന്മാരോടുമുള്ള സ്നേഹത്തേയും കുറിച്ചു കേട്ടിട്ടു, [16]നിങ്ങൾക്കു വേണ്ടി ഇടവിടാതെ സ്തോത്രം ചെയ്തും എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തും കൊണ്ട് [17]നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും വെളിപ്പാടിന്റേയും ആത്മാവിനെ തരേണ്ടതിനു നിങ്ങളുടെ ഹൃദയ ദൃഷ്ടി പ്രകാശിപ്പിച്ചിട്ട് [18]അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാ ധനം ഇന്നതെന്നും തിരിച്ചറിയേണ്ടതിനും.**

**വാക്യങ്ങൾ 15, 16. അതു നിമിത്തം,** *ഡയാ ടൗടോ* തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "ഈ കാരണത്താൽ"[1] അത് വാക്യം 3 മുതൽ 14 വരെ അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആണെന്നർത്ഥം, വാക്യം 13 ലും 14 ലും മുദ്രയെക്കുറിച്ചു പറഞ്ഞതിനേയും ആയിരിക്കാം ഉദ്ദേശിച്ചത്. രണ്ടിലായാലും, പൗലൊസ് എഫേസ്യയിലെ സഹോദരന്മാരുടെ "വിശ്വാസത്തെ കേട്ടതുകൊണ്ടും," എല്ലാ വിശുദ്ധന്മാരോടുമുള്ള സ്നേഹം നിമിത്തവും, പ്രാർത്ഥനയിൽ "അവരെ ഏൽപിച്ച" ദൈവത്തിന് സ്തോത്രം ചെയ്ത്. എൻഎഎസ്സ്ബി യിൽ ഈ പ്രയോഗങ്ങൾ തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം ആ സഹോദരന്മാരുടെ യേശുവിലുള്ളള വിശ്വാസം *നിമിത്തം*, അവൻ അവരെ അനുമോദിക്കുന്നു. **കർത്താവായ യേശുവിൽ** തിരിച്ചറിയാവുന്ന മറ്റൊരു ആശയം, അവർ സ്നാനം ഏറ്റതിനു ശേഷം ആത്മീയ അനുഗ്രഹങ്ങൾ ആസ്വദിച്ചു ജീവിച്ചു എന്നതായിരുന്നു. **സകല വിശുദ്ധന്മാരോടുമുള്ള നിങ്ങളുടെ സ്നേഹം** നിമിത്തം എന്ന് പൗലൊസ് പറയുമ്പോൾ, അവരുടെ വിശ്വാസം യേശുവിലാ

യിരുന്നു എന്ന് വ്യക്തമാക്കുന്നു, അവർ സ്നേഹിച്ചിരുന്നത് സകല വിശുദ്ധ ന്മാരേയുമാണെന്ന് ആ പ്രസ്താവന അർത്ഥമാക്കുന്നു.

എഫേസ്യരിൽ ഉണ്ടായിരുന്ന യേശുവിലുള്ള *വിശ്വാസം* പ്രകടമാക്കി യത്, *ടെൻ കാത് ഹൂമാസ് പിസ്റ്റിൻ,* അക്ഷരീകമായ അർത്ഥം, "ദ ഡൗൺ എമങ് യു ഫെയ്ത്ത്" അല്ലെങ്കിൽ " 'ദ ഡൗൺ എലോങ്' യു ഫെയ്ത്ത്."[2] "ദൈനന്തിന ജീവിതത്തിൽ അവർക്ക് കർത്താവായ യേശുവിൽ ഉണ്ടായിരുന്ന വിശ്വാസം നിമിത്തം" പൗലൊസ് അവരെ അനുമോദിക്കുകയായിരുന്നു.[3] ആ പ്രദർശിപ്പിച്ച വിശ്വാസം "സകല വിശുദ്ധന്മാരോടുമുള്ള സ്നേഹവും" മറ്റു ക്രിസ്ത്യാനികളോട് എഫേസ്യർക്കുണ്ടായിരുന്ന ഏക ഭാവവുമാണ്. നമ്മുടെ സഹോദരന്മാരോടുള്ള അത്തരത്തിലുള്ള സ്നേഹം അഭിനന്ദനം അർഹിക്കുന്നതാണ്, കാരണം തന്റെ ശിഷ്യന്മാരെ ലോകം തിരിച്ചറിയേണ്ടത് അത്തരം സ്നേഹത്താലാണെന്ന് യേശു പറഞ്ഞിരിക്കുന്നു (യോഹ. 13:34, 35). ഇവിടെ "വിശ്വാസവും" "സ്നേഹവും" ഒന്നിച്ചു പറഞ്ഞിരിക്കുന്നതു പോലെ 1 തെസ്സ. 1:3 ലും 2 തെസ്സ. 1:3 ലും കാണാം. പുരാതന രേഖകളിൽ, അടിക്കടി, "വിശ്വാസവും," "സ്നേഹവും" പറഞ്ഞിരിക്കുന്നതിനോടൊപ്പം "പ്രത്യാശയും" ചേർത്തിരിക്കുന്നു. പൗലൊസ് ഈ മൂന്നു വാക്കുകളും ഒന്നിച്ച് 1 തെസ്സ. 1:3 ലും കൊലൊ. 1:4, 5 ലും ഉപയോഗിച്ചിരിക്കുന്നു. എഫേസ്യർ 1-ൽ, വാക്യം 12 ലും 18 ലും "പ്രത്യാശ" യെക്കുറിച്ച് പറഞ്ഞു, വാക്യം 15-ൽ "വിശ്വാസവും" "സ്നേഹവും" ചേർത്തിരിക്കുന്നു.

**കേട്ടിട്ട്** എന്ന വാക്ക് ചില വ്യാഖ്യാതാക്കൾ എടുത്ത് പൗലൊസിന് വ്യക്തിപരമായി എഫേസ്യ സഭയെക്കുറിച്ചുള്ള അറിവുണ്ടായിരുന്നില്ല എന്നും, അതുകൊണ്ട്, പൗലൊസിനോടുകൂടെ മറ്റൊരാൾകൂടെ എഴുതിയപ്പോൾ ഉണ്ടായിരുന്നു എന്നുമാണ് പറയുന്നത്. എങ്ങനെയായാലും രണ്ട് വസ്തുതകൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്ന്, "പ്രിയ സഹോദരനും കൂട്ടുവേലക്കാരനും" എന്ന് ഫിലേമോനെക്കുറിച്ച് പറഞ്ഞിരിക്കയാണ്. പൗലൊസിന് അവനെ വ്യക്തിപരമായി അറിയാമായിരുന്നു (ഫിലെ. 1). മർക്കൊസ്, അരിസ്തർക്കോസ്, ദേമാസ്, ലൂക്കൊസ് എന്നിവരെ ഫിലെമോൻെറ ലേഖനത്തിൽ പൗലോസ് "കൂട്ടുവേലക്കാർ" എന്ന് പറഞ്ഞിരിക്കുന്നു (വാ. 24). ആ പുരുഷന്മാർ എല്ലാവരും പൗലൊസിനോടുകൂടെ പ്രവർത്തിച്ചിരുന്നു എന്നു നമുക്കറിയാം. ഫിലെമോൻ പ്രത്യേകമായി പൗലോസിനോടുകൂടെ പ്രവർത്തിച്ചിരുന്നേക്കാം. രണ്ട്, ഫിലെമോനെ പൗലൊസ് പരിവർത്തനം ചെയ്തു എന്നകാര്യത്തിൽ സംശയമില്ല, കാരണം "നിന്നെത്തന്നെ" എനിക്കു തരുവാൻ കടപ്പെട്ടിരിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത് (വാ. 19). അപ്പോഴും, ഫിലെമോന്റെ വിശ്വാസത്തേയും സ്നേഹത്തേയും കുറിച്ച് കേട്ടു എന്നാണ് പൗലൊസ് പറഞ്ഞത് (വാ. 5). അവന്റെ വിശ്വാസത്തേയും സ്നേഹത്തേയും കുറിച്ച് കേട്ടു എന്നു പറഞ്ഞതിനാൽ, പൗലൊസിന് ഫിലെമോനെക്കുറിച്ച് വ്യക്തിപരമായ അറിവുണ്ടായിരുന്നില്ല എന്ന് അർത്ഥം വരുന്നില്ല. പൗലൊസ് അവസാനം ഫിലെമോനെ കണ്ടതിനു ശേഷമുള്ള അവന്റെ വിശ്വസ്തതയേയും വളർച്ചയേയുമാണ് അത് കാണിക്കുന്നത്. അതുകൊണ്ട്, എഫേസ്യരുടെ വിശ്വാസവും സ്നേഹവും പൗലൊസ് കേട്ടു എന്നു പറഞ്ഞതിന്റെ അർത്ഥം അവരുടെ ക്രിസ്തീയ ജീവിതത്തിന്റെ തുടർച്ചയായ വളർച്ചയെയാണ് കാണിക്കുന്നത്.

സഹോദരന്മാർക്കുവേണ്ടിയുള്ള തന്റെ ദൈവത്തോടുള്ള **സ്തോത്രം നിർത്തിയില്ലാ** എന്നാണ് പൗലൊസ് പറഞ്ഞത്. **പ്രാർത്ഥിക്കുവാൻ** പൗലൊസിനു

ആളുകളുടെ ഒരു നീണ്ട ലിസ്റ്റ് ഉണ്ടായിരിക്കണം. ഗ്രീക്ക് വെർബ് *യൂകാരിസ്റ്റ യോ* തർജ്ജിമ ചെയ്തതാണ് "സ്തോത്രം ചെയ്യൽ", അതിന്റെ അക്ഷരീകമായ അർത്ഥം "നല്ല കൃപ."[4] തന്റെ ലേഖനങ്ങളുടെ ഗുണഭോക്താക്കളെ ക്കുറിച്ചുള്ള അറിവിന് പൗലൊസ് നിരന്തരമായി ദൈവത്തിനു സ്തുതി അർപ്പിച്ചിരുന്നു. അവരുടെ വിശ്വാസത്തിനും സ്നേഹത്തിനും, ദൈവം അവരിൽകൂടെ പ്ര വർത്തിച്ചതിനും അവൻ നന്ദിയുള്ളവൻ ആയിരുന്നു.

**വാക്യങ്ങൾ 16, 17.** ദൈവത്തിന് നന്ദി പറയുന്നത് കൂടാതെ തന്റെ **പ്രാ ർത്ഥനയിൽ** എഫേസ്യരെ ഓർമിച്ചതായും പറയുന്നു. ഗ്രീക്ക് നാമം എന്ന *പ്രോ സെയൂകെ* തർജ്ജിമ ചെയ്തിരിക്കുന്നതാണ് "പ്രാർത്ഥനകൾ". പുതിയ നിയ മത്തിൽ "പ്രർത്ഥന" എന്ന വാക്ക് അടിക്കടി ഉപയോഗിച്ചിട്ടുണ്ട്. തുടർന്നുള്ള വാക്യങ്ങൾ അവൻ ദൈവത്തോട് ആവശ്യങ്ങളും സമർപ്പിച്ചിരിക്കുന്നതു കാണാം.

പൗലൊസ് പറഞ്ഞ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും "പിതാവും" ആയവൻ എന്നത് വാക്യം 3 ആണ് നമ്മെ ഓർപ്പിക്കുന്നത്. എസ്. ഡി. എഫ്. സാൽമണ്ട് പറഞ്ഞു,

> നിത്യമായ ദൈവീകത്വത്തിൽ, *പുത്രന്*, ഉറവിടമായ *പിതാവിൽ*നിന്നുള്ള ജീവനുണ്ട്, പുത്രൻ എന്ന നിലയിൽ പിതാവിന് കീഴിലാണ് അവൻ, എന്നാൽ അവന് പൂർണമായ ദൈവീകത്വവും ഉണ്ട്. നമ്മുടെ കർത്താവിന്റെ വീണ്ടെടുപ്പ് ശുശ്രൂഷയിൽ, പുത്രന് നിത്യപിതാവുണ്ട്, ദൈവത്തിന്റെ ക്രിസ്തു അവനിൽ ദൈവത്തെ വെളിപ്പെടുത്തി, അവനെ *അയച്ചതു അതിനായിരന്നു* [ഗലാ. 4:4], അവനെ *ഉയർത്തി* [ഫിലി. 2:9], രാജ്യം അവനിൽ നിന്നു *പ്രാപിക്കുകയും* ചെയ്തു. [1 കൊ. 15:24]. അവന്റെ ദൗത്യത്തെ സംബന്ധിച്ച്, അവന്റെ മദ്ധ്യസ്ഥത, അവന്റെ ഔദ്യോഗിക പ്രവൃത്തിയും ബന്ധങ്ങളും, അവന് ദൈവം *അവന്റെ* ദൈവമായി അവന്റെ ആജ്ഞ നിറവേറ്റി വീണ്ടെടുപ്പു പദ്ധതിയുടെ ഉദ്ദേശം അവൻ നിറവേറ്റിക്കൊണ്ടിരിക്കുന്നു.[5]

**മഹത്വത്തിന്റെ പിതാവ്** എന്ന് പറഞ്ഞിരിക്കുന്നത്, മഹത്വത്തിന്റെ ഉറവിടമായ ദൈവത്തെയാണ്, അല്ലെങ്കിൽ മഹത്വം നൽകുന്ന ദൈവത്തെയാണ് സൂചിപ്പിക്കുന്നത്. ആ വാക്കുകളുടെ അർത്ഥം "മഹത്വമുള്ള പിതാവ്" എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി. കെന്നത്ത് എസ്സ് വൂവെസ്റ്റ് പറഞ്ഞതനുസരിച്ച്, "മഹത്വം" എന്നതിനു മുമ്പു വരുന്ന ഡെഫിനിറ്റ് ആർട്ടിക്കിൾ തെളിയിക്കുന്നത് "*ഏക* മഹത്വം" "മഹത്വമുള്ള പിതാവിൽനിന്നാണ് ഉത്ഭവിക്കുന്നത്" എന്നാണ്.[6] ആൻഡ്രൂ റ്റി. ലിങ്കൺ നിരീക്ഷിച്ചത് "മഹത്വം" എന്നു പറയുന്നത് "ദൈവത്തിന്റെ മനോഹര സാനിധ്യത്തേയും ശക്തിയേയുമാണ്"[7] അതിനോട് ചേർന്ന് പൗലൊസിന്റെ എഴുത്തുകളിൽ, "മഹത്വവും" "ശക്തിയും" ദൈവപ്രവൃത്തിയുടെ പര്യായ വാക്കുകളായിട്ടാണ് കാണുന്നത്. ഈ ആശയം ദൈവത്തിന്റെ പ്രഭയുമായി-അവന്റെ ദൈവീക സ്വഭാവമായി-അവന്റെ ശക്തിയോടു കൂടി എഫേസ്യരുടെ മനസുകളെ ജ്വലിപ്പിക്കുകയാണ്, അത് പൗലൊസ് പ്രാർത്ഥിച്ച അനുഗ്രഹങ്ങളിൽ ഒന്നായിരുന്നു (1:18).

എഫേസ്യർക്ക് ദൈവത്തിൽ നിന്ന് **ജ്ഞാനത്തിൻേറയും വെളിപ്പാടിന്റെയും, അവൻെറ പരിജ്ഞാനത്തിന്റെയും ആത്മാവ്** ലഭിക്കുവാൻ പൗലൊസ്

പ്രാർത്ഥിച്ചു. അങ്ങനെ അവൻ പ്രാർത്ഥിച്ച മൂന്ന് പ്രത്യേക ആവശ്യങ്ങൾ അവരിൽ തിരിച്ചറിയേണ്ടിയിരുന്നു (1:18, 19 നോക്കുക). "ആത്മാവ്" എന്ന് പറയുന്നത് ഒന്നുകിൽ "ആത്മാവ്" അല്ലെങ്കിൽ "പരിശുദ്ധാത്മാവ്" ആണ്. എങ്ങനെയായാലും, വേദ ഭാഗത്ത് "ആത്മാവിന്" മുമ്പ് ആർട്ടിക്കിൾ ഇല്ല, ദൈവീകത്വത്തിലെ മൂന്നാമത്തെ വ്യക്തിയെക്കുറിച്ചുള്ള പരാമർശവും സന്ദർഭ ത്തിലില്ല. സഹോദരന്മാർക്കുണ്ടാകുവാൻ പൗലൊസ് ആഗ്രഹിച്ച "ജ്ഞാന ത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവ്" എന്നു പറയുന്നത് ആത്മാവ് ന ൽകുന്ന ജ്ഞാനവും വെളിപ്പാടും അല്ല. എങ്കിലും അവരുടെ ജീവിതത്തിൽ ആത്മാവും, പരിശുദ്ധാത്മ നിയോഗത്താൽ ആത്മാവ് വെളിപ്പെടുത്തിയ വചന വും ഉൾപ്പെടും (1 കൊ. 2:13).

സമാന്തര വേദ ഭാഗമായ കൊലൊ. 1:9-11 എഫേസ്യ ലേഖനത്തിൻെറ ഈ ഭാഗം മനസിലാക്കാൻ നമ്മെ സഹായിക്കും. "സകല വിവേകത്തിലും ജ്ഞാന ത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനത്തിൽ നിറഞ്ഞുവരുവാൻ" പ ൗലൊസ് കൊലോസ്യർക്കുവേണ്ടി പ്രാർത്ഥിച്ചു. ദൈവേഷ്ടം അവരുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ ഉള്ള ജ്ഞാനം മനസിലാക്കുവാൻ കൊലോസ്യർക്ക് ആത്മീയ ഉൾക്കാഴ്ച വേണമെന്ന് പൗലൊസ് ആഗ്രഹിച്ചു. ആ ആഗ്രഹത്തിന്റെ പരിണിത ഫലമായി അവർ ദൈവ പരിജ്ഞാനത്തിൽ അല്ലെങ്കിൽ ദൈവത്തെക്കുറിച്ചുള്ള അറിവിൽ വർദ്ധിച്ചു വരുവാൻ ഇടയായി.

"പരിജ്ഞാനം" (1:17; കൊലൊ. 1:10) *എപിഗ്നോസിസ്* എന്ന വാക്കിൽനി ന്നു വന്നതാണ്, അർത്ഥം, "കൂടുതലായ മുഴുവൻ അറിവും" എന്നാണ്.[8] "പരി ജ്ഞാനം" എന്ന വാക്കിന്റെ ഗ്രീക്ക് നാമം *ഗ്നോസിസ്* എന്നാണ്, മുൻപ് *എപി* എന്നു ചേർത്തിരിക്കുന്നത് വ്യക്തമാക്കുന്നത്, അറിയുന്നയാൾ ശക്തമായി സ്വാധീനിക്കത്തക്ക രീതിയിൽ ജ്ഞാനത്തിൽ, അല്ലെങ്കിൽ അറിവിൽ പങ്കാളി യാകുക എന്നാണ്.[9]

ദൈവിക പരിജ്ഞാനം കൂടുതലായി നമുക്ക് എങ്ങനെയാണ് ലഭിക്കു ന്നത്? വെളിപ്പെടുത്തിയ സന്ദേശത്തിലെ സത്യങ്ങൾ ആളുകൾ ശരിയായി മനസിലാക്കുവാൻ പ്രാർത്ഥനയുടെ ഫലമായി ദൈവം ജ്ഞാനം നൽകുന്നു എന്നാണ് ഈ സന്ദർഭം വ്യക്തമാക്കുന്നത്. ദൈവവുമായി നാം കൂടുതൽ അടുത്ത് ജീവിക്കുമ്പോൾ, നമുക്ക് ദൈവത്തെ കൂടുതലായി അറിയുവാൻ കഴിയും. ദൈവകരുണയാൽ പ്രാർത്ഥനക്കുത്തരം ലഭിച്ച്, സമയമെടുത്ത് നാം ആത്മിയമായി വളരുന്നു. പൗലൊസ് എഫെസ്യർക്ക് കൂടുതൽ വെളിപ്പാടുകൾ നൽകുവാനായിരുന്നില്ല പ്രാർത്ഥിച്ചത്, മറിച്ച്, വെളിപ്പെടുത്തിയിരിക്കുന്നത് കൂടുതൽ നന്നായി മനസിലാക്കുവാനും, ആ ജ്ഞാനം ജീവിതത്തിൽ പ്രാ യോഗികമാക്കുവാനുമായിരുന്നു പൗലൊസ് അവർക്കു വേണ്ടി പ്രാർത്ഥിച്ചത്. ആ ദൈവിക പരിജ്ഞാനത്താൽ, വാക്യം 18 ലും 19 ലും പൗലൊസ് പ്രാ ർത്ഥിച്ച മൂന്നു കാര്യങ്ങൾ അവർക്കു ലഭിക്കുമായിരുന്നു.

**വാക്യം 18**. "ഹൃദയം" എന്നു പറയുന്നത് മനുഷ്യന്റെ ബുദ്ധി, വികാരം, മനസാന്നിധ്യം എന്നിവയുടെ കേന്ദ്രമാണ്. അത് ഉള്ളിൽ വെച്ച് ബൈബിൾ എന്തുകൊണ്ടാണ് മനുഷ്യൻ ഹൃദയത്തിൽ നിരൂപിക്കുന്നു എന്നും (സദൃശ. 23:7; കെജെവി; മത്താ. 9:4), ഹൃദയപൂർവ്വം സ്നേഹിക്കുന്നു എന്നും (മത്താ. 22:37), ഹൃദയപൂർവ്വം അനുസരിക്കുന്നു എന്നും (റോമ. 6:17), പറയുന്നതെന്നു നമുക്ക് മനസിലാക്കുവാൻ കഴിയും. പൗലൊസ് **ഹൃദയദൃഷ്ടിയെ** കുറിച്ചു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, മനുഷ്യന്റെ ബുദ്ധിയും വികാരവും, ചിന്തി

ക്കുവാനും, വിവേചിക്കുവാനും, തീരുമാനിക്കുവാനും, പ്രവർത്തിക്കുവാനുമുള്ള മനസ് എന്നാണ് അന്തർലീനമാക്കുന്നത്. ഒരാൾ ദൈവ സന്ദേശം കേൾക്കുമ്പോൾ, അയാൾ ഒന്നുകിൽ അത് സ്വീകരിക്കും അല്ലെങ്കിൽ നിരാകരിക്കും. അയാൾ അത് മനസിലാക്കി സ്വീകരിച്ചാൽ, അയാളുടെ കണ്ണു തുറന്നു എന്നു നമുക്ക് പറയുവാൻ കഴിയും (ലൂക്കൊ. 24:31). അയാൾ അത് തള്ളിക്കളഞ്ഞാൽ, തെറ്റിദ്ധാരണയും, ദുരഭിമാനവും നിമിത്തം അയാളുടെ കണ്ണുകൾ അടഞ്ഞിരിക്കുന്നു അല്ലെങ്കിൽ അന്ധമായിരിക്കുന്നു എന്നു നമുക്ക് പറയാം (മത്താ. 13:15, 16). ഈ അർത്ഥത്തിൽ, ഹൃദയത്തിന് കണ്ണുണ്ട്. "അവരുടെ ഹൃദയദൃഷ്ടി പ്രകാശിക്കുവാനായി" പൗലൊസ് എഫെസ്യർക്കു വേണ്ടി പ്രാർത്ഥിച്ചു.

**പ്രകാശിച്ചേക്കാം** എന്ന പ്രയോഗം സൂചിപ്പിക്കുന്നത്, എഫെസ്യരുടെ പൂർവ്വകാലത്ത് ചെയ്തതിന്റെ ഫലം വർത്തമാനകാലത്തിൽ ലഭിക്കുന്നതിനെയാണ് കാണിക്കുന്നത്: "ഇപ്പോൾ നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഈ ഉൾക്കാഴ്ച്ച നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിച്ചതിന്റെ ഫലമാണ്." അവർ സുവിശേഷം കേട്ട് അനുസരിച്ചതിന്റെ ഫലമാണ് അവർക്ക് ലഭിച്ച പ്രകാശം. അവർ ഇപ്പോൾ പ്രകാശമുള്ള അവസ്ഥയിലാണ് ജീവിക്കുന്നത്. അവർക്ക് ലഭിച്ച അറിവ് വർദ്ധിപ്പിക്കുവാനായിരുന്നു പൗലൊസ് അവർക്ക് വേണ്ടി പ്രാർത്ഥിച്ചത്. "പ്രകാശിച്ചു" എന്നത് എഫെസ്യരുടെ പരിവർത്തനത്തിനു മുൻപുള്ള അവസ്ഥക്ക് എതിരായിരുന്നു. അന്നു അവരുടെ മനസിലാക്കൽ "ഇരുട്ടിലായിരുന്നു" (4:18), മുൻപ് അവർ "ഇരുട്ടായിരുന്നു" ഇപ്പോഴോ ക്രിസ്തുവിൽ വിശ്വസ്ത വിശുദ്ധന്മാരായി തീർന്നു. അവർ "കർത്താവിൽ പ്രകാശം" ഉള്ളവരും "വെളിച്ചത്തിന്റെ മക്കളായി നടക്കുന്നവരും" ആയി (5:8).

ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്കു മാറി, കണ്ണു തുറന്നവരുടെ കൂട്ടത്തിലായി എഫെസ്യരും. അവർ സാത്താന്റെ ആധിപത്യത്തിൽനിന്നു ദൈവത്തിങ്കലേക്ക് വന്നു, ക്രിസ്തുവിലുള്ള വിശ്വാസത്താൽ പാപമോചനവും അവകാശവും അവർക്ക് ലഭിച്ചു (പ്രവൃ. 26:18). അവർക്ക് ലഭിച്ച ആ മനസിലാക്കലിൽ, അവർ വളരേണ്ടിയിരുന്നു.

## ദൈവവിളിയുടെ മാഹാത്മ്യം, അവന്റെ അവകാശവും, അവന്റെ ശക്തിയും (1:18-19)

**18അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ 19വിശ്വസിക്കുന്ന നമുക്ക് വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു.**

എഫെസ്യർ തങ്ങളുടെ വിശ്വാസത്തിൽ വളർന്നു പക്വത പ്രാപിച്ചപ്പോൾ, അവരിൽ ദൈവം പ്രവർത്തിക്കുന്നതിന്റെ വ്യാപാരശക്തി അവർ കൂടുതൽ ഗ്രഹിക്കേണ്ടതിനായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്. മൂന്നു കാര്യങ്ങളിൽ അവരുടെ കാഴ്ച്ച വ്യക്തമാകുവാൻ അഥവാ അവർ പ്രകാശിതരാകുവാനായിരുന്നു അവൻ ആഗ്രഹിച്ചത്. അതുകൊണ്ട്, ദൈവമഹത്വത്തിനായുള്ള അവരുടെ വിളിയും പ്രത്യാശയും, ദൈവശക്തിയുടെ മാഹാത്മ്യവും, അവരുടെ

അവകാശത്തിന്റെ ധനത്തിനൊത്തവണ്ണമുള്ള തേജസും മുഴുവനായി അവർ അറിയണമെന്ന് അവൻ ആഗ്രഹിച്ചു.

**വാക്യം 18.** ഒന്നാമത്, ദൈവം അവരെ വിളിച്ചതിനാൽ, അവർക്ക് ലഭിക്കുന്ന പ്രത്യാശ നന്നായി തന്റെ വായനക്കാർ മനസിലാക്കുവാൻ പൗലൊസ് ആഗ്രഹിച്ചു. അവർ പ്രകാശിതരാകേണ്ടതിന് താൻ അവർക്ക് വേണ്ടി പ്രാർത്ഥിച്ചു എന്നാണ് അവൻ പറഞ്ഞത്. "അങ്ങനെ ഇത് അവന്റെ വിളിയുടെ പ്രത്യാശ ആണെന്ന് നിങ്ങൾ അറിയും എന്നും പറഞ്ഞു." **അവന്റെ വിളി** എന്ന് പറഞ്ഞ് ലേഖനത്തിന്റെ ആരംഭത്തിലേക്ക് അവൻ നമ്മെ കൊണ്ടുപോകയാണ്, അവിടെ അവൻ പറഞ്ഞത്, ദൈവം "നമ്മെ തിരഞ്ഞെടുത്തു" എന്നാണ് (1:4). അത് മുൻപോട്ടും നമ്മെ നയിക്കുകയാണ് "നിങ്ങളെ വിളിച്ച വിളിയാൽ" (4:1) എന്നും "വിളിയുടെ ഏക പ്രത്യാശ" എന്നും (4:4) ലേഖനത്തിൽ പൗലൊസ് പിന്നീട് പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ വിളി തിരഞ്ഞെടുക്കാവുന്നതല്ല, അതായത്, രക്ഷ തിരഞ്ഞെടുക്കുവാനും നിഷേധിക്കുവാനുമുള്ള തിരഞ്ഞെടുപ്പ് അവൻ നൽകുന്നില്ല. ദൈവത്തോടു ബന്ധം പുലർത്തുവാൻ ആദ്യം അവസരം തന്നത് ദൈവമാണ്. നമുക്ക് "ക്രിസ്തുവിൽ" പ്രത്യാശയുണ്ട്, അത് നമ്മുടേതാണ് കാരണം ദൈവം അത് "തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായി" നമുക്ക് നൽകിയതാണ് (1:12).

എഫെസ്യരുടെ പാപാവസ്ഥയിൽനിന്നു വ്യത്യസ്തമായി, പൗലൊസ് അവർക്ക് എഴുതുമ്പോൾ, അവർ അവകാശത്തിന്റെ പ്രത്യാശാനിറവിൽ ആയിരുന്നു (1:11–14). സ്വർഗമായിരുന്നു അവരുടെ പ്രത്യാശ (കൊലൊ. 1:5), ആ അവകാശം അവർ സുവിശേഷം അനുസരിച്ചതിനാൽ ലഭിച്ചതായിരുന്നു (കൊലൊ. 1:23). **പ്രത്യാശ** (*എൽപിസ്*) "ചിലത് ലഭിക്കുമെന്ന പ്രതീക്ഷയുടെ നന്മയെയാണ് അത് കാണിക്കുന്നത്."[10] ആ ക്രിസ്ത്യാനികൾ സ്വർഗം പ്രതീക്ഷിക്കുക മാത്രമല്ല, അവിടെ താമസിക്കുവാനും ആഗ്രഹിച്ചിരുന്നു. കാരണം ദൈവം അത് വാഗ്ദാനം ചെയ്തിരുന്നു. വെറുതെ ആഗ്രഹിക്കുന്നതല്ല പ്രത്യാശ: യാതൊരു പ്രതീക്ഷയുമില്ലാതെ സ്വർഗം ആഗ്രഹിക്കുന്നതാണ് ഒരു രീതി, അവിടെ പോകുവാൻ ആഗ്രഹിച്ചു ശ്രമിക്കുന്നതാണ് ബൈബിൾ കാഴ്ച്ചപ്പാട്. രണ്ട് പ്രത്യാശയും വെറും പ്രതീക്ഷയല്ല:ഭയങ്കരമായ ഒന്ന് സംഭവിക്കുവാനായി യാതൊരു ആഗ്രഹവുമില്ലാതെ,ഒരാൾ പ്രതീക്ഷിച്ചേക്കാം. പ്രത്യാശ എന്നത് ആഗ്രഹവും പ്രതീക്ഷയും ചേർന്നതാണ്. ഈ പ്രത്യാശ ദൈവവചനത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്, ക്രിസ്ത്യാനിക്ക് ഈ ജീവിതത്തിൽ കുഴപ്പം നേരിടുമ്പോൾ, "ആത്മാവിന്റെ നങ്കൂരമായി, ഇളകാത്തതും ഉറപ്പുള്ളതുമായി" ഇരിക്കുന്നു (എബ്രാ. 6:19). തന്റെ വായനക്കാർ "അവന്റെ വിളിയുടെ പ്രത്യാശയിൽ" വളരുവാനാണ് പൗലൊസ് ആഗ്രഹിച്ചത്.

**വാക്യം 18.** രണ്ട്, "വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ ധനം എന്താണ്" എന്ന് എഫെസ്യർ അറിയേണ്ടതിന് പൗലൊസ് അവർക്കായി പ്രാർത്ഥിച്ചു (1:18). അദ്ധ്യായം 1-ൽ, പൗലൊസ് "അവകാശം" എന്ന വാക്ക് രണ്ട് വിധത്തിൽ ഉപയോഗിച്ചു കഴിഞ്ഞു. വിശുദ്ധന്മാർ ദൈവത്തിന്റെ അവകാശമായിരുന്നു (1:11 നോക്കുക), പരിശുദ്ധാത്മാവ് "നമ്മുടെ അവകാശത്തിന്റെ അച്ചാരവുമാണ്" (1:14). **വിശുദ്ധന്മാരിൽ ദൈവത്തിന്റെ അവകാശം** എന്ന് പൗലൊസ് പറഞ്ഞപ്പോൾ, അവന്റെ മനസിൽ ആദ്യത്തേതാണ് ഉണ്ടായിരുന്നതെങ്കിൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ അവരെത്ര വിലയേറിയവരാണ് എന്ന്

അവർ അറിയുവാൻ അവൻ ആഗ്രഹിച്ചു. രണ്ടാമത് പറഞ്ഞ അർത്ഥത്തിലാണ് പൗലൊസ് "അവകാശം" എന്ന വാക്ക് ഉപയോഗിച്ചതെങ്കിൽ, വരുവാനുള്ള ലോകത്തിന്റെ ദൈവം അവർക്കായി സൂക്ഷിച്ചിരിക്കുന്ന **തേജസിന്റെ** ധനത്തെ മുഴുവനായി അനുമോദിക്കണമെന്ന് അവൻ അവരെ ബോധ്യപ്പെടുത്തുകയാണ്. വാക്യം 14-ൽ, പൗലൊസ് പറഞ്ഞതനുസരിച്ച്, ദൈവത്തിന്റെ വിശുദ്ധന്മാർക്കായി കാത്തുവെച്ചിരിക്കുന്ന അവകാശത്തിന്റെ മഹത്വം കൂടുതലായി അവർ മനസിലാക്കുവാൻ അവൻ ആഗ്രഹിച്ചിരുന്നു.

**വാക്യം 19.** "വിശ്വസിക്കുന്നവരിൽ അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം" എത്രമാത്രമുണ്ടെന്നും എഫെസ്യർ അറിയുവാനായി പൗലൊസ് ആഗ്രഹിച്ചിരുന്നു. ആ ക്രിസ്ത്യാനികൾക്ക് വേണ്ടിയുള്ള പൗലൊസിന്റെ പ്രാർത്ഥനയിലെ മൂന്നാമത്തെ യാചനയായിരുന്നു അത്. അതിൽ വാക്കുകൾ നിറഞ്ഞിരുന്നു: ദൈവ**ശക്തിയെ** തന്റെ വായനക്കാർ കൂടുതലായി അനുമോദിക്കുവാനായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്.

ഈ ലേഖനത്തിലെ ആ ശക്തിക്ക് അപ്പൊസ്തലൻ നാല് വാക്കുകളാണ് ഉപയോഗിച്ചത്. **അതിശയിപ്പിക്കുന്ന ദൈവത്തിന്റെ** മാഹാത്മ്യത്തെ അവൻ "ശക്തമായ" വാക്കുകളാലാണ് പരിചയപ്പെടുത്തിയത് (*ഹൂപർബല്ലോൺ മെഗെതോസ്*). അതിൽ "എ ത്രോയിങ് ബിയോണ്ട് ... എക്സെലെൻസ്," അതായത്, അളവിനപ്പുറമായ ഏറ്റവും ഉയർന്ന തരത്തിലുള്ള മാഹാത്മ്യം, ധാരാളത്തിലധികമുള്ള മാഹാത്മ്യവും ശക്തിയും എന്നർത്ഥം.[11] ദൈവശക്തിക്കു പരിമിതിയില്ല. ഇവിടെ ഉപയോഗിച്ച "ശക്തമായ" വാക്കുകൾ ഇവയാണ്, *ഡുനാമിസ്,* എന്ന ഗ്രീക്ക് വാക്ക് കാണിക്കുന്നത്, "സ്വാഭാവികമായ കഴിവുകൊണ്ടുള്ള ശക്തിയെയാണ്"; *എനെർജെയിയ*, തർജിമ ചെയ്തിരിക്കുന്നത് **പ്രവർത്തിക്കുന്ന** എന്നാണ്, അർത്ഥം "പ്രവൃത്തിയിലുള്ള ശക്തി, ഊർജം"; *ഇസ്ചൂസ്*, തർജിമ ചെയ്തിരിക്കുന്നത് ബലം എന്നും സൂചിപ്പിക്കുന്നത് "ശാരീരികമായ ശക്തിയെയാണ്"; *ക്രാറ്റോസ്*, എന്ന ക്രിയ തർജിമ ചെയ്തിരിക്കുന്നത്, വീര്യം എന്നും അർത്ഥം "ഫലത്തിലുള്ള ശക്തി" എന്നുമാണ്.[12] ഈ നാലു ആശയങ്ങളും കൂട്ടിച്ചേർത്ത് പൗലൊസ് പറയുന്നത്, ദൈവം തന്റെ ജന്മസിദ്ധമായ കഴിവിനാൽ, പ്രവർത്തിച്ച് അളക്കുവാൻ പറ്റാത്ത ഫലം ഉളവാക്കുന്നു. എഫെസ്യരുടെ പ്രത്യാശയോടും അവകാശത്തോടും പൗലൊസ് ദൈവത്തിന്റെ ശക്തിയെ ചേർക്കുന്നതിനാൽ, അവരുടെ അവകാശ-ത്തെ ദൈവം ഒരിക്കലും നിരാശപ്പെടുത്തുകയോ, അവരെ പരാജയപ്പെടുത്തുകയോ ഇല്ല എന്നതായിരുന്നു അവന്റെ പോയിന്റ്. വാഗ്ദത്തം ചെയ്തതു നിവർത്തിപ്പാൻ ദൈവം ശക്തനാണ്!

**വിശ്വസിക്കുന്ന നമ്മിൽ** വ്യാപരിക്കുന്നതാണ് ദൈവത്തിന്റെ അത്ഭുത ശക്തി. "ഇൽ," എന്നത് ഗ്രീക്ക് പ്രിപൊസിഷൻ *എയിസ്* തർജിമ ചെയ്തത് കാണിക്കുന്നത്, ദൈവത്തിൽ തുടർച്ചയായി വിശ്വസിക്കുന്നവരിൽ അവൻ ധൈര്യവും, പ്രത്യാശയും, അവകാശവും നൽകുമെന്നാണ്. "വിശ്വസിക്കുക" എന്ന ക്രിയ തുടർപ്രവൃത്തിയെയാണ് കാണിക്കുന്നത്.

തന്റെ സഹോദരന്മാർ ആ മൂന്നു വശങ്ങളിലും വളർന്നു പ്രകാശിക്കുവാൻ ആഗ്രഹിച്ചുകൊണ്ടാണ് പൗലൊസ് ഉപസംഹരിക്കുന്നത്.

## ദൈവശക്തി പ്രദർശിപ്പിച്ചു
## (1:20-23)

**[20]അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയർപ്പിക്കുകയും [21]സ്വർഗത്തിൽ തൻെറ വലത്തുഭാഗത്ത് എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമ ത്തിന്നും അത്യന്തം മീതെ ഇരുത്തുകയും [22]സർവ്വവും അവന്റെ കാൽക്കീ ഴാക്കി വെച്ചു അവനെ സർവ്വത്തിന്നും മീതെ തലയാക്കി [23]എല്ലാറ്റിലും എല്ലാം നിറക്കുന്ന അവന്റെ ശരീരമായ സഭയ്ക്ക് കൊടുക്കയും ചെയ്തിരിക്കുന്നു.**

പൗലൊസിന്റെ പ്രാർത്ഥന വാക്യങ്ങൾ 20 മുതൽ 23 വരെ തുടരുകയാണ്. എഫെസ്യരോട് അവനുണ്ടായിരുന്ന സ്നേഹം വ്യക്തമാണ്, അവർക്കുവേ ണ്ടിയുള്ള അവന്റെ യാചനകളിൽ അവനു ദൈവത്തിലുള്ള വിശ്വാസമാണ് പ്രകടമാകുന്നത്.

**വാക്യം 20.** ആ സഹോദരന്മാർ അനുമോദിക്കുവാൻ പൗലൊസ് ആഗ്ര ഹിച്ചത് ക്രിസ്തു ഉയർത്തെഴുന്നേറ്റതിൽ പ്രദർശിപ്പിച്ചിരുന്നു.

ക്രിസ്തുവിൽ [ദൈവം] വ്യാപരിക്കുന്ന മഹത്തായ ശക്തിയെ കുറിച്ചാണ് നമ്മുടെ വേദഭാഗം പറയുന്നത്. **വ്യാപരിക്കുന്ന** എന്നതിന്റെ ഗ്രീക്ക് ക്രിയ *എനെർജെയിയോ*, തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം, "സജീവമാകുക" എന്നാണ്.[13] ഭൂതകാലത്തിൽ സംഭവിച്ച കാര്യത്തെയാണ് അയോറിസ്റ്റ് ഇന്റിക്കേ റ്റിവ് ആക്ടിവ് കാണിക്കുന്നത്. അതായത്, ദൈവം ഭൂതകാലത്ത് ശക്തമായി പ്രവർത്തിച്ചു എന്നാണ്, എന്നു പറയുമ്പോൾ, ഭാവിയിൽ തന്റെ ജനത്തിന്റെ പ്രത്യാശ നിറവേറ്റുവാൻ ശക്തമായി പ്രവർത്തിക്കുകയില്ല എന്നു അനുമാനി ക്കരുത്. ദൈവശക്തി **ക്രിസ്തുവിൽ** വ്യാപരിക്കുന്നു എന്നു പറഞ്ഞ ശേഷം, ആ ശക്തി എന്താണ് നേടിയത് എന്ന് പൗലൊസ് വ്യക്തമാക്കുന്നു: **അവൻ അവനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചു.** യേശുവിന്റെ ദൈവികത്വത്തെ തെളി യിക്കുന്നതായിരുന്നു ക്രിസ്തുവിന്റെ ഉയർപ്പ് (റോമർ 1:4 നോക്കുക). ദൈവശ ക്തിയുടെ മാഹാത്മ്യത്തെ കാണിക്കുന്നതുമായിരുന്നു ഉയർത്തെഴുന്നേൽപ്. ഈ വേദഭാഗത്ത്, പൗലൊസ് ക്രൂശിനെ പറ്റി പറയുന്നില്ല കാരണം-ക്രൂശ് പ്രാ ധാന്യമുള്ളതുപോലെ-അവൻ ക്രൂശിന്റെ ബലഹീനതയും കാണുന്നു (2 കൊ. 13:4), അത് ഉയർപ്പിന്റെ ശക്തിക്ക് എതിരാണ്. കൊലൊ. 2:12-ൽ, യേശു മരിച്ച വരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നും ആ ഉയർപ്പിൽ പങ്കുകാരാകുവാൻ ആണ് സ്നാനം എൽക്കുന്നതെന്നും പറഞ്ഞപ്പോൾ, അപ്പൊസ്തലൻ ഉപയോ ഗിച്ചത്, നാമമായ *എനെർജെയിയ* ആണ്. മരിച്ചവരെ ഉയർപ്പിക്കുവാൻ വലിയ ശക്തി ആവശ്യമാണ്, ആ ശക്തി ദൈവത്തിനുണ്ട്.

**വാക്യം 20.** അവൻ ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിക്കുക മാത്രമല്ല, അവനെ സകല നാമത്തിലും മേലായ നാമം നൽകി ഉയർത്തിയി രിക്കുന്നു എന്നു പറഞ്ഞ് പൗലൊസ് ദൈവത്തിന്റെ ശക്തിയെ തുടർന്നും വിശദമാക്കുന്നു: **സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് ഇരുത്തുകയും ചെയ്തിരിക്കുന്നു.** "ഇരുത്തി" എന്നതു സൂചിപ്പിക്കുന്നത് വീണ്ടെടുപ്പ് പദ്ധതി പൂർത്തിയാക്കി എന്നാണ്, കൂടാതെ ആ സ്ഥാനം ആദരവിനേയും മഹത്വ ത്തേയും വീര്യത്തെയുമാണ് കാണിക്കുന്നത്, കാരണം ഇരുത്തിയിരിക്കുന്നത്

ദൈവത്തിന്റെ "വലത്തുഭാഗത്താണ്." പഴയനിയമ കാലത്ത്, ദൈവത്തിന്റെ "വലത്തുഭാഗം" സൂചിപ്പിക്കുന്നത് അനുകൂല സ്ഥാനവും, വിജയവും, ശക്തി യുമാണ് (സങ്കീ. 80:17; 20:6; 89:13). ക്രിസ്തുവിനെ മഹത്വീകരിച്ച ശക്തിയാണ് എഫെസ്യരെ അവരുടെ പ്രത്യാശയും അവകാശവും നിവർത്തിയാക്കിയത് (അത് "സ്വർഗത്തിൽ," ആണ്; 1:3 ന്റെ പരാമർശങ്ങൾ നോക്കുക.).

**വാക്യം 21.** ദൈവത്തിന്റെ മഹാ ശക്തിയാലാണ് ക്രിസ്തുവിനെ ഏറ്റവും വലിയ നാമത്തിലേക്ക് ഉയർത്തിയത്. ദൈവം അവനെ **ഉയർത്തിയത് വാഴ്ച്ചക്കും (*ആർച്ചെ*), അധികാരത്തിനും (*എക്സൗസിയ*), ശക്തിക്കും(*ഡുനാമിസ്*), കർത്തൃത്വം (*കുരിയോടെസ്*) നടത്തുവാനായിരുന്നു**.ആ ഗ്രീക്കു വാക്കു കളിൽ ആദ്യത്തെ രണ്ടും പൗലൊസ് 3:10 ലും 6:12 ലും പറഞ്ഞിട്ടുണ്ട്. ആ വേദ ഭാഗമനുസരിച്ച്, ദൈവത്തിന്റെ ജ്ഞാനത്തെ വാഴ്ച്ച നടത്തുന്നവർക്കും അധി കാരികൾക്കും (ശക്തികൾ; കെജെവി), അറിയിക്കേണ്ടത് സഭ മുഖാന്തരമാണ്. ക്രിസ്ത്യാനികൾക്ക് പോരാട്ടമുള്ളത് "അധികാരങ്ങളോടും വാഴ്ച്ചകളോടും ആണ്." അതേ രണ്ട് ഗ്രീക്ക് വാക്കുകൾ തന്നെയാണ് കൊലൊ. 2:10 ലും 2:15 ലും ഉള്ളത്. അവിടെ "അധികാരങ്ങളെയും" "വാഴ്ച്ചകളെയും" ആയുധ വർഗം വെപ്പിച്ചതു നിമിത്തം ക്രിസ്തു "വാഴ്ച്ചകളുടെയും," "അധികാരങ്ങളു ടേയും" തലയാണ്. അധികാരങ്ങൾ അഥവാ *ആർച്ചെ*ക്കോ മറ്റു യാതൊന്നിനു മോ ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുവാൻ സാധ്യമല്ല എന്നു റോമർ 8:38, 39-ൽ പറയുന്നു. കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ, അവ സാന സമയത്ത്, "എല്ലാ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും നീക്കം വരു ത്തിയിട്ട് രാജ്യം പിതാവായ ദൈവത്തിന് ഏൽപിച്ചു കൊടുക്കും." (1 കൊ. 15:24). കൊലൊ. 1:16-ൽ, "അവൻ മുഖാന്തരവും അവന്നായിട്ടും ... സൃഷ്ടിക്ക പ്പെട്ടവയാണ്" "വാഴ്ച്ചകളും," "അധികാരങ്ങളും" എന്നു പറഞ്ഞിരിക്കുന്നു.

2 പത്രൊസ് 2:10, 11 ലും കൊലൊ. 1:16 ലും, "അധികാരം" (കുറിയോ ടെസ്), "*ശക്തി*" (*ഡുനാമിസ്*) "വാഴ്ച്ചക്കാർ" (*ആർച്ചേ*), എന്നും കൂടാതെ "അധിപതികൾ" (*കുറിയോടെസ്*), "വാഴ്ച്ചകൾ" (ആർച്ചേ), "അധികാരികൾ" (*എക്സൗസിയ*) എന്നും കാണാം. "അധികാരം," "വാഴ്ച്ച," "*ശക്തി*," "അധി പതികൾ" എന്നിവ വേദഭാഗത്തിൽ ഉപയോഗിച്ചിരിക്കുന്നത് നാം എങ്ങനെ മനസിലാക്കും? ആ വാക്കുകൾ തിരുവെഴുത്തുകളിൽ വിവിധ രീതികളിലാണ് ഉപയോഗിച്ചിരിക്കുന്നത്-നല്ല രീതിയിലും മോശമായ രീതിയിലും, ഭൗമിക മായും സ്വർഗീയമായുമുള്ള അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. ലോക ത്തിലെ ഭൗതികവും ആത്മികവുമായവയിലും, ഭൂമിയിലുള്ളതിലും സ്വർഗത്തിലു ള്ളവയിലും എല്ലാറ്റിലും മേലായ സ്ഥാനം ക്രിസ്തുവിനു നൽകണം, അതിൽ ഒഴികഴിവുള്ളത് ദൈവത്തിനു മാത്രമാണ് (1 കൊ. 15:27).

**വാക്യം 21. സകല നാമത്തിലും മേലായ നാമം** എന്നത് നമ്മെ ഓർമ്മിപ്പി ക്കുന്നത് ഫിലിപ്പിയർ 2:9, 10 ആണ്: "അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിന്നും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടേയും, ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങും ..." ഇവിടെ പറഞ്ഞിരിക്കുന്ന എല്ലാ നാമത്തിലും മേലായ നാമം എന്നു പറഞ്ഞിരിക്കുന്നത് "യേശു" എന്ന നാമമായിരിക്കും, അർത്ഥം "യഹോവ രക്ഷകൻ" എന്നാണ്[14] ആ നാമത്തിന്റെ പ്രത്യേകത ന മുക്ക് മത്തായി 1:21-ൽ കാണാം, അവിടെ ദൂതൻ യോസേഫിനോട് പറഞ്ഞു, "തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്ക കൊണ്ട്, നീ

അവന്നു യേശു എന്നു പേർ വിളിക്കേണം." യെശയ്യാവ് 9:6-ൽ, മശിഹാ പ്രവാചകൻ പറഞ്ഞു, "അവന്റെ പേർ അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു വിളിക്കപ്പെടും." യേശു ദൂതന്മാരേക്കാൾ ശ്രേഷ്ഠനാണെന്ന് എബ്രായർ 1:4, 5 പറയുന്നു: "... ദൈവദൂതന്മാരേക്കാൾ വിശിഷ്ടമായ നാമത്തിന്നു അവകാശിയായതിന്നു ഒത്തവണ്ണം അവരേക്കാൾ ശ്രേഷ്ഠനായി തീരുകയും ചെയ്തു. 'നീ എന്റെ പുത്രൻ, ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു' എന്നും ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും' എന്നും ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ?" അതുകൊണ്ട്, പ്രവാചകന്മാരിൽ ഒരാളായി യേശുവിനെ വിചാരിക്കുമ്പോൾ, അല്ലെങ്കിൽ, "പുത്രൻ" എന്ന് കേൾക്കുമ്പോൾ, ദൈവം അവന്നു നൽകിയ നാമം "എല്ലാ നാമത്തിലും ... മേലായ നാമമാണ്." ക്രിസ്തു എല്ലാ സ്ഥലത്തും, എല്ലാവരിലും, ഏറ്റവും ഉയർന്നവനായതുകൊണ്ട്, അവന്റെ നാമം എല്ലാ നാമത്തിലും മേലായ നാമമാണ്.

**വാക്യം 21**. ആ പ്രസ്താവനകൾ **ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ള ലോകത്തിലും** വാസ്തവമാണ്. "കാലം" എന്നതിനുള്ള ഗ്രീക്ക് വാക്ക് *കോസ്മോസ്* അല്ല, അർത്ഥം "ലോകം" എന്നാണ് (കെജെവി) അല്ലെങ്കിൽ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം, എന്നാൽ *എയിയോൺ*, പറയുന്നത് കാലയളവിനെയാണ്, അത് ഇപ്പോഴത്തെയും ഭാവിയിലേയും വസ്തുക്കളുടെ അവസ്ഥയെയാണ്.[15] *എയിയോൺ* എന്ന നാമം ഉപയോഗിച്ചിരിക്കുന്നത്, ഇപ്പോഴത്തെ "ഈ കാലവും," "വരുവാനുള്ളതും" ആണ്-അതായത് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കുവാനിരിക്കുന്നത്. ഇപ്പോഴും വരുവാനുള്ള ലോകത്തിലും എല്ലാറ്റിലും ഉയർന്നു നിൽക്കുന്നത് ക്രിസ്തുവാണ്. ക്രിസ്തീയ അവകാശത്തെയും (1:5, 18), പ്രത്യാശയെയും (1:18), അന്തിമ വീണ്ടെടുപ്പിനേയും (1:14; 4:30), ക്രിസ്തുവിന്റെ നിത്യരാജ്യത്തേയും (5:5), ദൈവത്തെ പുകഴ്ത്തുന്നതിനെ കുറിച്ച് പറയുമ്പോഴെല്ലാം പൗലൊസ് ഇത് ആവർത്തിച്ചാവർത്തിച്ച് പറയുന്നുണ്ട് (3:20, 21).

**വാക്യം 22**. തന്റെ മഹത്തായ ശക്തിയാൽ, ദൈവം സകലവും ക്രിസ്തുവിന്റെ കാൽക്കീഴിലാക്കിയിരിക്കുന്നു: **അവൻ സകലും അവന്റെ കാൽക്കീഴിലാക്കി വെച്ചിരിക്കുന്നു**. *ഹുപോടാസോ* തർജിമ ചെയ്തതാണ് "കാൽക്കീഴിൽ ..." എന്നത്, അത് സൈനിക പ്രയോഗമാണ്, അർത്ഥം, "ഒരാളുടെ കീഴിലാക്കുക."[16] സൈന്യാധിപന്റെ കീഴിൽ സൈന്യങ്ങൾ അണി നിരക്കുന്നതുപോലെ.

> അതുകൊണ്ട്, അവനെ ഉയർത്തിയശേഷമുള്ള ആധിപത്യം, തീർച്ചയായും തികവുമുള്ളതാണെന്ന് [*ഹുപോടാസോയുടെ* അയോറിസ്റ്റ് രൂപം വ്യക്തമാക്കുന്നു]. പിതാവിന്റെ വലത്തുഭാഗത്തേക്ക് ക്രിസ്തുവിനെ ഉയർത്തിയത് സകലവും അവന്റെ കാൽക്കീഴിലാക്കി അവനെ സകലത്തിന്നും അധികാരിയാക്കിയ ശേഷമായിരുന്നു.[17]

മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റശേഷം, ക്രിസ്തു പറഞ്ഞു, "സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു" (മത്താ. 28:18). അവൻ എല്ലാവരുടേയും കർത്താവാണ്!

ഈ ലേഖനത്തിൽ പൗലൊസ് ആദ്യമായാണ് **സഭയെ** കുറിച്ച് പറഞ്ഞി

രിക്കുന്നത്. എങ്ങനെയായാലും, ലേഖനം മുഴുവൻ സഭയെ കുറിച്ചാണ് പറയുന്നതെങ്കിലും, ദൈവത്തിന്റെ ഉദ്ദേശത്തിൽ, സഭയുടെ ഔന്നത്യത്തെ കാണിക്കുന്നതാണ് ആദ്യമായി സഭയെ എടുത്തുകാണിക്കുന്നത്. "സഭ" എന്നതിനുള്ള ഗ്രീക്ക് നാമം *എക്ലേസിയ* (*എക്*, "ഔട്ട് ഓഫ്") എന്നും (*കലെയോ*, "കാൾ ടു") എന്നും ചേർന്നുള്ള സംയുക്ത വാക്കാണ്. "സഭായോഗം" ആയി ഒരു കൂട്ടം ആളുകൾ കൂടി വരുന്നതിനെ ആണ് ആ വാക്ക് ഉദ്ദേശിക്കുന്നത്.[18] അത് പുതിയ നിയമത്തിൽ പഴയനിയമ യിസ്രായേലിന്റെ സഭയെ പറയുന്നതിന് ഉപയോഗിച്ചിട്ടുണ്ട് (പ്രവൃ. 7:38), വിളിച്ച്-വേർതിരിക്കപ്പെട്ട ഏതൊരു കൂട്ടത്തെയും (പ്രവൃ. 19:32, 39, 41), ദൈവത്തിന്റെ സഭയുടെ പ്രാദേശിക ഇടവകയെയും (ഉദാഹരണത്തിന്, പ്രവൃ. 8:1), ഒരു പ്രദേശത്തെ സഭകളെ പറ്റി പറയുന്നതിന് (1 കൊ. 16:1; 2 കൊ. 8:1; ഗലാ. 1:2), പിന്നെ, രക്ഷിക്കപ്പെട്ട എല്ലാവരും ഉൾപ്പെടുന്ന സാർവ്വദേശിയമായ സഭയെ ഉദ്ദേശിച്ചും (മത്താ. 16:18; കൊലൊ. 1:18; എഫെ. 1:22). ദൈവത്തിന്റെ വിളിക്കപ്പെട്ട-ജനമാണ് സഭ (1 പത്രൊ. 2:9, 10), അവരെ സുവിശേഷത്താലാണ് വിളിച്ചത് (2 തെസ്സ. 2:14), അനുസരണത്താൽ സ്വീകരിച്ചതുമാണ് (പ്രവൃ. 2:37–47).

ദൈവം ക്രിസ്തുവിനെ സഭയുടെ **തലയാക്കി വെച്ചു** എന്നു പൗലൊസ് എഫെസ്യരോട് ഊന്നി പറയുന്നു. പ്രപഞ്ചത്തിലെ എല്ലാറ്റിന്റേയും തല ക്രിസ്തു ആയിരിക്കുന്നതിനാൽ, ദൈവത്തിന്റെ ദാനമായ സഭയുടേയും "തല" ക്രിസ്തു ആകുന്നു. "എന്തെങ്കിലും, *പ്രാധാന്യമുള്ള, മുഖ്യമായ, ഉന്നതമായതിനെ ... യജമാനൻ, കർത്താവ്* എന്നാണ് 'തല' (*കെഫോലെ*) കൊണ്ട് അർത്ഥമാക്കുന്നത്."[19] ഈ സന്ദർഭത്തിൽ ക്രിസ്തു സഭയുടെ തല എന്നു പറയുമ്പോൾ, അവന് സഭയുടെ മേലുള്ള ആധിപത്യമാണ് സൂചിപ്പിക്കുന്നത്. ഈ അർത്ഥത്തിലാണ് പൗലൊസ് കൊലൊ. 2:10-ൽ "തല" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, അവിടെ പറയുന്നത് "അവൻ എല്ലാ വാഴ്ച്ചക്കും അധികാരത്തിനും തലയാകുന്നു" എന്നാണ്. ദിശാബോധത്തിനും ഉദ്ദേശത്തിനും സഭ ക്രിസ്തുവിനെയാണ് നോക്കേണ്ടത്. ക്രിസ്തുവിന്റെ മറുരൂപസമയത്ത് ദൈവം നൽകിയ നിർദ്ദേശമാണ് ഇത് നമ്മെ ഓർപ്പിക്കുന്നത്. "ഇവൻ എന്റെ പ്രിയ പുത്രൻ; ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു, *ഇവന്നു ചെവി കൊടുപ്പിൻ!*" (മത്താ. 17:5; എംഫസിസ് ആഡഡ്). ക്രിസ്തുവിനെ കേൾക്കുക എന്നാൽ പുതിയനിയമത്തിലെ അവന്റെ ഇഷ്ടത്തെ അംഗീകരിക്കുക എന്നാണ് അർത്ഥമാക്കുന്നത് (എബ്രാ. 9:15–17 നോക്കുക), പുതിയനിയമ വാക്കുകൾ അവന്റെ കൽപനകളായി കണക്കാക്കുക (1 കൊ. 14:37), "ദൈവത്തിന്റെ അരുളപ്പാട് മാത്രം" സംസാരിക്കുവാനും ശ്രദ്ധിക്കുക (1 പത്രൊ. 4:11). നാം ചെയ്യുന്നതിന്റെ എല്ലാം അധികാരത്തിന് നാം നോക്കേണ്ടത് ക്രിസ്തുവിനെയാണ്. ആരാധനക്കായാലും, സംഘടനക്കായാലും, സുവിശേഷ പ്രവർത്തനത്തിനായാലും ശരി.

ക്രിസ്തു സഭയുടെ തലയായതുകൊണ്ട്, പ്രപഞ്ചത്തിന്റെ കർത്താവായ അവന്റെ നിയന്ത്രണത്തിലാണ് നാമെന്നു തിരിച്ചറിയുക. അവൻ അവളെ "എല്ലാ മഹത്വത്തോടുകൂടി" സ്വീകരിപ്പാനാണ് ആഗ്രഹിക്കുന്നത് (5:27). സഭ ക്രിസ്തുവിന് പ്രാധാന്യമുള്ളതാണ്, കാരണം "അവൻ തന്നെത്താൻ അവൾക്ക് വേണ്ടി കൊടുത്തു" (5:25), അവളെ രക്ഷിക്കുകയും ചെയ്തു (5:23). പാപത്തിൽനിന്നു രക്ഷിക്കപ്പെട്ട് ദൈവത്തോട് നിരപ്പ് പ്രാപിച്ച ഓരോ വ്യക്തിയും സഭയുടെ ഭാഗമാണ് (2:16). മനുഷ്യന്റെ രക്ഷയുള്ള സഭയെ മനുഷ്യർ നി

സാരമായി സംസാരിക്കുന്നവർ "ക്രിസ്തു സഭയെ സ്നേഹിച്ചതും" (5:25) തന്റെ രക്തം കൊടുത്തു സമ്പാദിച്ചതും മറന്നു പോകയാണ് (പ്രവൃ. 20:28). ക്രിസ്തുവിന്റെ സ്നേഹ വസ്തുവായ സഭ-ഒരു വില കൊടുത്തു വാങ്ങിയ താണ്, അതുകൊണ്ട്, "ക്രിസ്തുവിനു കീഴ്പ്പെട്ട്" തലയായ ക്രിസ്തുവിനെ ബഹുമാനിക്കണം (എഫെ. 5:24).

**വാക്യം 23**. സഭ ക്രിസ്തുവിന്റെ ശരീരമാണെന്ന് ആ വാക്യം പറയുന്നു. ഗ്രീക്ക് നാമം *സോമോ*, തർജിമ ചെയ്തിരിക്കുന്നതാണ് "ശരീരം." അത് ചുരുങ്ങിയത് എട്ടു പ്രാവശ്യം ഈ ലേഖനത്തിൽ സഭയെ കുറിച്ച് പറയുന്നുണ്ട്. ഈ വാക്യത്തിൽ സഭ ക്രിസ്തുവിന്റെ ശരീരമാണെന്ന് പറഞ്ഞിരിക്കുന്നു. ക്രിസ്തുവിനെ സഭയുടെ "തലയായും" അവതരിപ്പിച്ചിരിക്കുന്നു, അത് ക്രിസ്തുവിന്റെ **ഏകശരീരം** ആണെന്നും പറഞ്ഞിട്ടുണ്ട് (4:4 നോക്കുക).

ആ രൂപകാലങ്കാരത്തിൽ പല അന്തർലീനതകൾ അടങ്ങിയിട്ടുണ്ട്. സഭയെ ഭൗതിക ശരീരമായി 1 കൊരിന്ത്യർ 12:12–26 താരതമ്യം ചെയ്തിരിക്കുന്നതിനാൽ, ഭൗതിക ശരീരം തലക്ക് കീഴ്പ്പെട്ടിരിക്കുന്നതുപോലെ, സഭ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുകയാണ്. ഭൗതിക ശരീരത്തിൽ പല അവയവങ്ങളും ഘടിപ്പിച്ചിരിക്കുന്നതുപോലെ, സഭയിലും പല അവയവങ്ങളുണ്ട്; എന്നാൽ തല ഒന്നു മാത്രമാണുള്ളത്, ശരീരവും ഒന്നുമാത്രമാണ് ഉള്ളത്. അതുപോലെ ഭൗതികശരീരത്തിന്റെ വിവിധ പ്രവർത്തികൾക്ക് വ്യത്യസ്ത അവയവങ്ങളുള്ളതുപോലെ, സഭയിലെ വിവിധ അവയവങ്ങൾക്ക് പല കഴിവുകൾ (താലന്തുകൾ) ദൈവം നൽകിയിരിക്കുകയാണ്. ഭൗതിക ശരീരത്തിലെ ഓരോ അവയവവും അവയുടെ പ്രവർത്തികൾ കണക്കാക്കാതെ, ഓരോന്നും പ്രാധാന്യമുള്ളവയാണ്; അതുപോലെ സഭയിലെ അംഗങ്ങളെല്ലാവരും പ്രാധാന്യമുള്ളവരാണ്, തലയുടെ നിർദ്ദേശമനുസരിച്ച് ശരീരത്തിലെ അവയവങ്ങളെല്ലാം പ്രവർത്തിക്കുമ്പോൾ, ആരോഗ്യപ്രദമായിരിക്കുന്നതുപോലെ, സഭയിലെ അംഗങ്ങളെല്ലാം ദൈവനിർദ്ദേശപ്രകാരം, ക്രിസ്തുവിനു കീഴ്പ്പെട്ട് പ്രവർത്തിക്കുമ്പോൾ, സഭ നന്നായി പ്രവർത്തിക്കുന്നു എന്നു പറയാം. തലയുടെ കീഴിൽ ശരീരമെല്ലാം യോജിച്ചിരിക്കുന്നതുപോലെ, സഭ ഭിന്നത കൂടാതെ ക്രിസ്തുവിന്റെ കീഴിൽ യോജിച്ചിരിക്കണം. ഭൗതിക ശരീരത്തിലെ ഒരവയവത്തിന് വേദന അനുഭവപ്പെട്ടാൽ, അത് ശരീരത്തെ മൊത്തം ബാധിക്കും; അത് സഭയെ സംബന്ധിച്ചും വാസ്തവമാണ്. ക്രിസ്തുവിന്റെ ശരീരത്തിലെ ഒരവയവത്തിന്റെ വേദനയായാലും സന്തോഷമായാലും ശരീരം മുഴുവനും ബാധിക്കും.

ഒരു സമയത്ത് ക്രിസ്തുവിന് ഈ ലോകത്തിൽ ഭൗതിക ശരീരം ഉണ്ടായിരുന്നു. ഇപ്പോൾ അവന് ഈ ലോകത്തിൽ ഭൗതിക ശരീരമില്ല, എന്നാൽ ആത്മിക ശരീരം നിലവിലുണ്ട്, അതാണ് സഭ. ഭൗതികമായി ക്രിസ്തുവിനു നിയന്ത്രണമുള്ള സംഘടനയല്ല സഭ, അതിലുപരി അത് ക്രിസ്തുവിന്റെ ശരീരം തന്നെയാണ്. ജീവനുള്ള തലയിൽനിന്ന് ജീവൻ വലിച്ചെടുക്കുന്ന ജീവനുള്ള ഒന്നാണ് അവന്റെ ശരീരമായ സഭ, അവന്റെ ശക്തിയാലാണ് അത് നിലനിൽക്കുന്നത്, അവൻ പ്രവർത്തിക്കുന്ന ഒരു ഉപകരണവും കൂടെയാണ് സഭ.

"എല്ലാം നിറക്കുന്നവന്റെ നിറവാണ് സഭ" എന്നും പറഞ്ഞിരിക്കുന്നു. സഭ ക്രിസ്തുവിന്റെ ശരീരം ആയിരിക്കുന്നതുപോലെ, ക്രിസ്തുവിന്റെ എല്ലാ നിറവും അതിനുള്ളതായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. **അവന്റെ നിറവ്** എന്നതിന്റെ അർത്ഥത്തിൽ പണ്ഡിതന്മാർക്ക് പൂർണ്ണമായി യോജിക്കുവാൻ കഴിയുന്നില്ല. *പ്ലെരോമാ* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "നിറവ്,"

അർത്ഥം, “എന്തെങ്കിലും കൊണ്ട് നിറക്കുക,” അല്ലെങ്കിൽ “എന്തെങ്കിലും നിറയുക”[20]; എന്നാൽ ഈ സന്ദർഭത്തിൽ, ആ വാക്ക് എന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നു പറയുക ബുദ്ധിമുട്ടാണ്. ചില പണ്ഡിതന്മാർ പറയുന്നത് ക്രിസ്തു സഭയെ നിറക്കുന്നു എന്നാണ്, അത് അവൻ തീർച്ചയായും ചെയ്യും; എന്നാൽ ഈ വാക്യത്തിൽ, “ശരീരം,” എന്നും “നിറവ്” എന്നും പറഞ്ഞിരിക്കുന്നത് സഭയെ കുറിച്ചാണ് എന്ന് തോന്നുന്നു.

ആ അർത്ഥത്തിൽ, അപ്പോൾ, സഭയാണോ ക്രിസ്തുവിന്റെ “നിറവ്?” പൗലൊസ് ഈ വാക്ക് ഗലാത്യർ 4:4 ലും കൊലൊ. 1:19 ലും; 2:9 ലും, കൂടാതെ എഫെസ്യർ 1:10 ലും, 23 ലും; 3:19 ലും; 4:13 ലും ഉപയോഗിച്ചിട്ടുണ്ട്. ഗലാത്യർ 4:4 ലെ സമ്പൂർണ്ണത എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം, “സമയം പൂർത്തിയായപ്പോൾ” എന്നാണ്. അതേ അർത്ഥം എഫെസ്യർ 1:10–ൽ, പൗലൊസ് പറയുന്നത് “കാലസമ്പൂർണ്ണതയെ” കുറിച്ചാണ്, കൊലൊസ്യർ 3:19–ൽ, ദൈവത്തിന്റെ സമ്പൂർണ്ണത ക്രിസ്തുവിൽ വസിക്കുന്നതായി നാം കാണുന്നു. എഫെസ്യർ 4:13 പറയുന്നത് “ക്രിസ്തുവിന്റെ നിറവിനാലാണ്” സഭ പൂർണ്ണമാകുന്നത്. കൊലൊ. 1:19–ൽ ദൈവികത്വനിറവ് ക്രിസ്തുവിൽ വസിക്കുന്നു എന്നാണ് നാം കാണുന്നത്. ആ ഓരോ സന്ദർഭത്തിലും, “നിറവ്” എന്നതിന്റെ അർത്ഥം ഒരു ഗ്ലാസിൽ വെള്ളം നിറക്കുന്നതുപോലെയാണ്, അതായത്, ആരെയെങ്കിലും, അല്ലെങ്കിൽ എന്തിനെയെങ്കിലും കൊണ്ട് നിറക്കുക എന്നർത്ഥം. ഒരു ഗ്ലാസ് നിറഞ്ഞിരിക്കുന്നനതുപോലെ, സഭ ക്രിസ്തുവിന്റെ നിറവാണ്, അല്ലെങ്കിൽ പൂർത്തീകരണമാണ് എന്നു പറയാം. ക്രിസ്തുവിന്റെ പൂർത്തീകരണമാണ് സഭ എന്ന് ഒരർത്ഥത്തിൽ പറയാം. തല ശരീരത്തോടുകൂടി പൂർണ്ണമാകുന്നതുപോലെ, സഭ ക്രിസ്തുവിനോടുകൂടി പൂർണ്ണമാകുന്നു. സഭയെ വിലയ്ക്ക് വാങ്ങുവാനായിരുന്നു ക്രിസ്തു ലോകത്തിലേക്ക് വന്നത്. സഭ ക്രിസ്തുവിന്റെ പൂർണ്ണതയാണ്: അവൻ രക്ഷിതാവാണ്, സഭയുടേയും രക്ഷിതാവാണ്.

**എല്ലാവരിലും എല്ലാം നിറക്കുന്നവനാണ്** എന്നു പറഞ്ഞുകൊണ്ടാണ് പൗലൊസ് ഈ ഭാഗത്തെ പ്രാർത്ഥന അവസാനിപ്പിക്കുന്നത്. ക്രിസ്തു പ്രപഞ്ചത്തെയും സഭയെയും നിറക്കുന്നു. പരമാധികാരിയായ കർത്താവിനെ ദൈവശക്തിയാലാണ് അങ്ങനെ ആക്കിയത്. “അവന്റെ വിളിയുടെ പ്രത്യാശയും” “അവന്റെ അവകാശത്തിന്റെ മഹിമാ ധനവും,” “അവന്റെ ശക്തിയുടെ അളവറ്റ വലിപ്പവും” എഫെസ്യർ കൂടുതലായി മനസിലാക്കുവാനായിരുന്നു പൗലൊസിന്റെ പ്രാർത്ഥന. അവൻ അവനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ച്, ഏറ്റവും ഉയർത്തി പിതാവിന്റെ വലത്തുഭാഗത്തിരുത്തിയതും എല്ലാറ്റിന്റേയും സഭയുടേയും തലയാക്കി വെച്ചതും ദൈവത്തിന്റെ ശക്തിയാലായിരുന്നു.

## പ്രായോഗികത

### നമ്മുടെ സ്ഥാനം അറിയൽ (1:15–23)

എന്റെ മകൻ ഫുട്ട്ബോൾ കളിച്ചപ്പോൾ, കൂടെ കളിച്ച ടീമംഗങ്ങളെയും അവനെയും അവർ നിൽക്കേണ്ടതും കളിക്കേണ്ടതുമായ സ്ഥാനങ്ങൾ ഉറപ്പിക്കുക എന്നതായിരുന്നു കോച്ചിന്റെ പ്രധാന ജോലി. അവർ കളിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ, കോച്ച് ഒരു കൂട്ടിയോട് നിന്റെ സ്ഥാനത്തേക്ക് പോകുക

എന്നു പറഞ്ഞു, ആ കുട്ടി അത് കേട്ട് അസ്ഥാളിക്കുകയും തെറ്റിദ്ധരിക്കുകയും ചെയ്തു. എന്നാൽ ഓരോരുത്തരുടേയും സ്ഥാനം മനസിലാക്കി നിൽക്കുക എന്നത് കളിയിൽ പ്രാധാന്യമുള്ള കാര്യമാണ്.

ആത്മിയമായി പറയുമ്പോഴും അത് വാസ്തവമാണ്: ദൈവമുൻപാകെ നമ്മുടെ സ്ഥാനം എന്തെന്ന് നാം അറിയണം. നമ്മുടെ ദൈനന്തിന ക്രിസ്തീയ പരിശീലനം ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനത്തിനതിരു കടന്നു പോകരുത്!

എഫെസ്യർ 1-3-ൽ, ക്രിസ്ത്യാനികളുടെ സ്ഥാനത്തെയാണ് പൗലൊസ് വ്യക്തമാക്കിയത്. 4 മുതൽ 6 വരെയുള്ള അദ്ധ്യായങ്ങളിൽ, നമ്മുടെ പരിശീലനത്തെക്കുറിച്ചാണ് അവൻ പറഞ്ഞത്-അതായത്, നമ്മുടെ സ്ഥാനം ഓരോ ദിവസവും എങ്ങനെ പ്രാവർത്തികമാക്കുന്നു എന്നതാണ്. നാം തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരും, ക്രിസ്തുവിൽ അവകാശം ഉറപ്പിക്കപ്പെട്ടവരുമാണ് എന്ന് പൗലൊസ് പറഞ്ഞു (1:1-14). അടുത്തത് എഫേസ്യർക്കുവേണ്ടി അവൻ പ്രാർത്ഥിച്ചത് നാം മനസിലാക്കുന്നു.

സഹോദരന്മാർ അതു ചെയ്യണം, ഇതു ചെയ്യണം എന്നായിരുന്നില്ല പൗലൊസിന്റെ പ്രാർത്ഥന. മറിച്ച്, അവർ മനസിലാക്കേണ്ടതിനായിരുന്നു അവൻ പ്രാർത്ഥിച്ചത് (1:17).

ക്രിസ്ത്യാനികളുടെ മനസുകളെ നിർദ്ദേശിക്കേണ്ടതിനായിരുന്നില്ല അവൻ പ്രാർത്ഥിച്ചത്. അവൻ പറഞ്ഞു, "നിങ്ങളുടെ ഹൃദയ ദൃഷ്ടി പ്രകാശിക്കേണ്ടതിനത്രേ ഞാൻ പ്രാർത്ഥിക്കുന്നത് ..." (1:18). ബൈബിളിൽ, "ഹൃദയം" എന്നത് മനസിനേക്കാൾ അർത്ഥമുള്ള ഒന്നാണ്. ആഴമുള്ള ആന്തരിക വ്യക്തിത്വമാണ് അത് സൂചിപ്പിക്കുന്നത്. നമ്മുടെ ബോധമനസിനു, സചേതനവും, പ്രതികരണവും, ബുദ്ധിപരവുമായ അവസ്ഥയുണ്ട് എന്നാണ് ആ വാക്ക് കാണിക്കുന്നത്. കുറച്ച് വസ്തുതകൾ ബുദ്ധിപരമായി മനസിലാക്കുന്നതിനേക്കാൾ അധികം കാര്യങ്ങൾക്കു വേണ്ടിയാണ് പൗലൊസ് പ്രാർത്ഥിച്ചത്. ആത്മാക്കളുടെ ആഴമേറിയ വിശ്രമ സ്ഥലവും യേശുവിന്റെ മാഹാത്മ്യവും അവൻ മനുഷ്യർക്കു വേണ്ടി ഒരുക്കിയ ഭദ്രതയും നാം അറിയണമെന്ന് അവൻ ആഗ്രഹിച്ചു.

പൗലൊസിന്റെ 1:18-21 ലെ പ്രാർത്ഥനയിൽ യേശുവിനെക്കുറിച്ചുള്ള അറിവ് നാം വർദ്ധിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ആയുഷ്കാലം മുഴുവനുള്ള നേട്ടത്തെയാണ് അവൻ അവർക്കു മനസിലാക്കികൊടുക്കുന്നത്. ആ സത്യങ്ങളെ ആഴമായി നാം മനസിലാക്കുമ്പോൾ, ദൈവ മുമ്പാകെയുള്ള നമ്മുടെ സ്ഥാനത്തിൽ നമുക്കു കൂടുതൽ ധൈര്യം ഉണ്ടാകും. നമ്മുടെ സ്ഥാനത്തെ മുഴുവൻ നാം കൂടുതലായി മനസിലാക്കുമ്പോൾ നമ്മുടെ ക്രിസ്തീയ പരിശീലനത്തെ അത് കൂടുതൽ സഹായിക്കും.

*നമുക്കുള്ള പ്രതീക്ഷ.* ക്രിസ്ത്യാനികൾ മുഴുവനായും മനസിലാക്കുവാൻ പൗലൊസ് ആഗ്രഹിച്ച ഒന്നായിരുന്നു യേശുവിലുള്ള പ്രതീക്ഷ. "അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരവും തിരിച്ചറിയേണ്ടതിനു പ്രാർത്ഥിക്കുന്നു" (1:18).

"അവന്റെ വിളിയാലുള്ള പ്രത്യാശ," എന്ന പ്രയോഗത്താൽ പൗലൊസ് നമ്മെ നിത്യതയിൽ നിന്നും നിത്യതയിലേക്കു കൊണ്ടുപോകയാണ്. രക്ഷക്കുവേണ്ടി ക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തപ്പോൾ, ഭൂതകാല നിത്യതയിൽനിന്ന് നമ്മെ വിളിക്കുകയായിരുന്നു. നിത്യതയിൽനിന്ന് ദൈവം നമ്മെ വിളിച്ച് വരുവാനുള്ളതിലേക്ക് നയിക്കുന്നതിന് നമ്മെ തിരിച്ചറിയിക്കുന്നതാണ്

നിത്യത. ഒരു സമ്മാനത്തിനുവേണ്ടി ആഗ്രഹിക്കുന്ന ഒരു കുട്ടിയുടേതു പോലെയുള്ളതല്ല നമ്മുടെ പ്രത്യാശ, നമ്മുടെ പ്രത്യാശ, വിശ്വാസികളായതു കൊണ്ട് ഉറച്ച പ്രതീക്ഷയും നമ്മുടെ ഭാവി പ്രതീക്ഷക്കായി ഒരുങ്ങിയിരുന്നു ദൈവം നമുക്കുവേണ്ടി ചെയ്തതിനെ നാം പൂർണമായി ആശ്രയിക്കണം. ഈ ധൈര്യപൂർവ്വമുള്ള പ്രതീക്ഷ നമ്മുടെ ആന്തരിക വ്യക്തിത്വങ്ങളിൽ പ്രതീക്ഷ ഉണർത്തുന്നതാണ്.

നാം ചെയ്ത പ്രവൃത്തികളിലുള്ള ആശ്രയമല്ല നമ്മുടെ വിശ്വാസത്തിനു കാരണമായിട്ടുള്ളത്. നാം ചെയ്യേണ്ടതായ ഒരു വാക്കു പോലും ഈ ലേഖനത്തിൽ നമുക്ക് ഇതുവരെയും വായിക്കുവാൻ കഴിഞ്ഞില്ല. നമ്മെ തിരഞ്ഞെടുത്ത്, വീണ്ടെടുത്ത്, നമ്മുടെ പാപങ്ങൾ ക്ഷമിച്ചുകളഞ്ഞതിനാൽ, ദൈവം ചെയ്ത പ്രവൃത്തികൾക്ക് പൗലൊസ് അവനെ വാഴ്ത്തുകയായിരുന്നു. വാഗ്ദാനം ചെയ്ത അവകാശത്തെ ദൈവം ഉറപ്പിച്ചിരിക്കയാണ്. പൗലൊസ് ഫിലിപ്പിയർക്ക് എഴുതി, "... ഞാൻ നിങ്ങളെ ഓർക്കുമ്പോഴൊക്കെയും എൻെറ ദൈവത്തിനു സ്തോത്രം ചെയ്യുന്നു (ഫിലി. 1:6). നമ്മുടെ പ്രത്യാശ അവന്റെ അത്ഭുത കൃപയാൽ ദൈവം നമുക്കുവേണ്ടി ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ളതാണ്.

നമ്മുടെ വിശ്വാസം അങ്ങനെ ഉറപ്പിച്ചിട്ടില്ലെങ്കിൽ പൗലൊസ് വിപുലീകരിച്ചു സംസാരിച്ച "അവന്റെ അവകാശത്തിന്റെ മഹത്വം എന്ന ധനം" നമ്മുടേതാകുകയില്ല. നാം ദൈവത്തിന്റെ മുഖ്യ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. നാം അവന്റെ പുത്രനായ യേശുവിന് കൂട്ടവ-കാശികളായി തീർന്നു (റോമർ 8:17). അവനുള്ളതെല്ലാം നമ്മുടേതായി തീരുന്നു!

അടുത്തതായി പൗലൊസ് പറഞ്ഞു, "അവന്റെ *അവകാശം* ഇന്നതെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ... ആഗ്രഹിക്കുന്നു ... അവന്റെ *മഹത്വകരമായ* അവകാശം ഇന്നതെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു ... അവന്റെ മഹത്വകരമായ അവകാശത്തിന്റെ *ധനം* ... ഇന്നതെന്നും നിങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു." തന്റെ ജനത്തിനു വേണ്ടിയുള്ള അവന്റെ അനുഗ്രഹങ്ങളുടെ മാഹാത്മ്യത്തെയാണ് പൗലൊസ് ഊന്നി പറയുന്നത്. ദൈവത്തിന്റെ ആത്മികമായ സമ്പത്തിന്റെ മാഹാത്മ്യത്തെ തുടർച്ചയായി ഓർപ്പിക്കുകയാണ്. ഈ പ്രയോഗങ്ങളെ പരിഗണിക്കുക: "... അവന്റെ കൃപയുടെ അത്യന്ത ധനം." (1:7); "എന്നാൽ, ദൈവം, കൃപാ സമ്പന്നനാണ്" (2:4); "... ക്രിസ്തുവിന്റെ അപ്രമേയമായ ധനം" (3:8); "നാം ശക്തിപ്പെടുവാൻ, അവന്റെ മഹത്വത്തിനൊത്തവണ്ണമുള്ള ധനം നമുക്ക് നൽകിയിരിക്കുന്നു ..." (3:16).

ഭയത്തിന് അവിടെ സ്ഥാനമില്ല. വിശ്വാസിയുടെ ജീവിതത്തിൽ തന്റെ സ്ഥാനം മനസിലാക്കിയ ആൾക്ക്, സംശയത്തിനോ, ആത്മിയ ഉറവിടത്തിനോ ഉൽക്കണ്ഠക്കോ സ്ഥാനമില്ല, കാരണം അവന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റുവാൻ ദൈവം ശക്തനാണ്. ഇന്ന് വിശ്വാസിക്ക് വിജയകരമായി നടക്കുവാൻ കഴിയും.

പരേതനായ വർത്തമാന പത്ര പ്രസാധകനായിരുന്ന വില്യം റാന്റോൾഫ്, ലോകത്തിന്റെ പല ഭാഗത്തുനിന്നും ലഭിക്കാവുന്ന കലാ നിക്ഷേപങ്ങൾ സ്വരൂപിച്ചിരുന്നു. ഒരു ദിവസം, വിലപിടിപ്പുള്ള ഒരു കലാസൃഷ്ടി വിൽപനക്കായുണ്ടെന്ന് കേട്ടതിനാൽ, അയാളുടെ ഒരു ഏജന്റിനെ വിദേശത്തേക്ക് അത് കാണുവാനായി അയച്ചു. മാസങ്ങളുടെ അന്വേഷണ ഫലമായി ഹെഴ്സ്റ്റിന്റെ ഏജന്റ് ആ കലാസൃഷ്ടി കണ്ടെത്തിയതായ വിവരം അറിയിച്ചു. അത് ഹെ

ഴ്സ്റ്റിന്റെ സ്വന്തം വെയർഹൗസായിരുന്നു! താൻ അവകാശമാക്കിയിരുന്നതും എന്നാൽ ഒരിക്കലും ആസ്വദിക്കാത്തതുമായ ഒരു നിധിയെയായിരുന്നു ഹെഴ്സ്റ്റ് അന്വേഷിച്ചുകൊണ്ടിരുന്നത്.

നാം അതുപോലെയല്ല ജീവിക്കേണ്ടത്. നമ്മുടെ സ്വന്തമായി തീർന്ന ഒന്നിനുവേണ്ടി ദൈവത്തോട് യാചിക്കുന്നവരെ പോലെ ആകരുത് നാം. അവന്റെ പാപമോചനം നാം പൂർണ്ണമായും അവകാശമാക്കിയിരിക്കുന്നു. നമുക്ക് നിത്യജീവൻ ഉണ്ട്. ദൈവത്തിന്റെ സമ്പത്തിലേക്ക് നമുക്ക് പ്രവേശനം ഉണ്ട്. ക്രിസ്തുയേശുവിൽ നമുക്ക് എല്ലാം ലഭിക്കുമെന്ന പ്രതീക്ഷ ഇപ്പോൾ നമുക്കായി വെച്ചിരിക്കുന്നു, എല്ലാ ദിവസവും ആ പൂർണ്ണ പ്രതീക്ഷയുമായി ജീവിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

*നമുക്ക് ലഭിച്ചിരിക്കുന്ന ഊർജ്ജസ്വലത*. പൗലൊസ് പറഞ്ഞു, "അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും, വിശുദ്ധന്മാരിൽ അവന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരശക്തിയുടെ അളവറ്റ വലിപ്പം ... ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു" (1:18, 19).

ഇത് പ്രപഞ്ചത്തിൽ മറ്റെവിടെയെങ്കിലും നടക്കുന്ന ദൈവശക്തിയല്ല, അതെ, ക്രിസ്ത്യാനികളായ നമ്മുടെ ഉള്ളിൽ ദൈവം പ്രവർത്തിക്കുന്നതിനെ കുറിച്ചാണ് പറയുന്നത്.

ഏതു തരത്തിലുള്ള ശക്തിയാണ് നമ്മിൽ വ്യാപരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നത് എന്ന് ശ്രദ്ധിക്കുക: "ക്രിസ്തുവിനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ച, ആ ശക്തി യേശുവിൽ അവൻ പ്രദർശിപ്പിച്ച ഭുജ വീര്യത്താലുള്ള ഒന്നാണ് ..." (1:19, 20). ക്രിസ്ത്യാനികളായ നമ്മിൽ പ്രവർത്തിക്കുന്ന ദൈവ ശക്തി മനസിലാക്കിത്തരുവാൻ വിവരിക്കാവുന്ന വാക്കുകളെല്ലാം പൗലൊസ് ഉപയോഗിച്ചിരിക്കുകയാണ്. അവൻ ആദ്യം നമ്മുടെ അടിസ്ഥാന വാക്കുകളായ "ഡയനമോ," "ഡയനമൈറ്റ്" എന്നു അർത്ഥം വരുന്ന *ഡുനാമിസ്* എന്നുപയോഗിച്ചിരിക്കുന്നു. അവിശ്വസനിയമായ ശക്തിയാണ് അത്!

പിന്നെ പൗലൊസ് പറഞ്ഞത് ആ ശക്തി ദൈവത്തിന്റെ "പ്രവൃത്തി" യുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്-ആ വാക്ക് വന്നിരിക്കുന്നത് ഗ്രീക്ക് വാക്ക് *എനെർജെയിയ* യിൽനിന്നാണ്, ആ വാക്കിൽനിന്നാണ് നമ്മുടെ "എനെർജി" എന്ന വാക്ക് കിട്ടിയത്. നമ്മെ ദൈവശക്തികൊണ്ടാണ് ഊർജസ്വലരാക്കിയത്. നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ആത്മിയ വിജയവും അമിത ബലവും ലഭിക്കുന്നത് അവനിൽ നിന്നാണ്!

അടുത്തത്, ക്രിസ്ത്യാനികൾ ദൈവ ശക്തിയാൽ ഊർജസ്വലരാക്കപ്പെട്ടിരിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞത്-അത് വെറും ശക്തിയല്ല, എന്നാൽ അവന്റെ *ഭുജവീര്യത്താലുള്ള* ശക്തിയാണ്. ദൈവം തന്റെ ശക്തിയാൽ ... നമ്മെ ബലപ്പെടുത്തി, വീര്യവും, ഊർജവും പകർന്നു ശക്തിപ്പെടുത്തുന്നു.

ദൈവമക്കളായി ജീവിക്കുമ്പോൾ ലഭിക്കുന്ന ശക്തിയെ കുറിച്ചുള്ള സംശയം ദൂരീകരിക്കുവാൻ, പൗലൊസ് അതിനെ നമുക്കു വേണ്ടി ചിത്രീകരിച്ചിരിക്കുന്നു. യേശുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ച അതേ ശക്തിയാണ് നമ്മിലും പ്രവർത്തിക്കുന്നത് എന്നാണ് അവൻ പറഞ്ഞത്-മരണം സംഭവിച്ചിട്ട് ജീവൻ തിരിച്ച് നൽകിയ, ബലഹീനതയിൽ ബലം പകർന്ന, സ്പഷ്ടമായ പരാജയം നേരിട്ട സ്ഥാനത്ത് വിജയം നൽകിയ, നിരാശ നേരിട്ട സ്ഥാനത്ത് സന്തോഷം പകർന്ന അതേ ശക്തിയാണ്. സാഹചര്യങ്ങളേയും ജീവിതങ്ങളേയും കീഴ്പ്പെടുത്തുന്നതാണ് ദൈവത്തിന്റെ ശക്തി-ആ ശക്തി നമ്മുടേതാ

കുന്നു! പൗലൊസ് പറഞ്ഞിരിക്കുന്നതിൽ അതിശയിക്കുവാനില്ല,

> ... അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും അവനെയും ഞാൻ അറിയേണ്ടതിന് ... (ഫിലി. 3:10).

> എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയായ വൻ (ഫിലി. 4:13).

> എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പ രമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ (എഫെ. 3:20, 21).

നമ്മുടെ ദൈനന്തിന നടപ്പിന് ആവശ്യമായ ദൈവികമായ ഊർജം നമുക്ക് ലഭ്യമാണ്. അത് നാം മനസിലാക്കി ഉപയോഗിക്കുവാനായിരുന്നു പൗലൊസിന്റെ പ്രാർത്ഥന.

*നാം സേവിക്കുന്നവന്റെ ഉയർച്ച.* ആരാണ് നമ്മെ രക്ഷിച്ചത്? നമ്മിൽ ഇതെല്ലാം ചെയ്യുന്നത് ആരാണ്? നാം അവനെ മനസിലാക്കേണ്ടതിന്റെ ആവശ്യകതയെയാണ് അത് ബോധ്യമാക്കുന്നത്. തന്റെ എല്ലാ മഹത്വത്തിലും അവൻ ആരാണെന്ന് മനസിലാക്കാതെ, അവന്നായി ജീവിക്കുവാൻ നമുക്ക് സാധ്യമല്ല:

> അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയർപ്പിക്കുകയും സ്വർഗത്തിൽ തന്റെ വലത്തുഭാഗത്ത് എല്ലാ വാഴ്ച്ചക്കും അധികാരത്തിന്നും, ശക്തിക്കും, കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളിക്കപ്പെട്ട സകല നാമത്തിന്നും മീതെ ഇരുത്തുകയും ചെയ്തിരിക്കുന്നു (എഫെ. 1:20, 21).

യേശുവിനേക്കാൾ വലിയതായി ഈ പ്രപഞ്ചത്തിൽ ഒന്നുമില്ല. മുൻപ് ജീവിച്ചിരുന്നവരിലും, ഇനി ജീവിക്കുവാനിരിക്കുന്നവരിലും യേശുവിനേക്കാൾ വലിയവനായി ആരുമില്ല. അവൻ വാഴ്ച്ചക്കും, അധികാരത്തിന്നും, ശക്തിക്കും മീതെ വെറുതെ ഇരിക്കുകയല്ല. അവൻ അവയ്ക്കെല്ലാം "വളരെ" ഉയരത്തിലാണ്. പൗലൊസ് പറഞ്ഞു,

> അതുകൊണ്ട്, ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിലും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും, അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടി വരും (ഫിലി. 2:9-11).

"യേശുവിന്റെ മുകളിലായി" ഒരധികാരമോ, വാഴ്ച്ചയോ, ശക്തിയോ ഇല്ല. നാം അവനിൽ ആണെന്ന് പൗലൊസ് എഫെസ്യർ 1-ൽ ചുരുങ്ങിയത് നാല് പ്രാവശ്യം പറഞ്ഞിരിക്കുന്നു.

നാം സേവിക്കുന്നവൻ എത്രമാത്രം ഉയർത്തപ്പെട്ടിരിക്കുന്നവനാണെന്നും, ദൈവം അവനിൽ നമ്മെ ആക്കി വെച്ചിരിക്കുന്നു എന്നും നാം മനസിലാക്കുമ്പോൾ, അത് നമ്മിൽ ആത്മിയമായ സ്വയ-രൂപം എത്രമാത്രം ജ്വലിപ്പിക്കുമെന്ന് ഓർക്കുക.

*ഉപസംഹാരം*. സ്വർഗത്തിലുള്ള സർവ്വ വിഭവങ്ങളും നമ്മുടേതാണ്. ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനം തീർച്ചയും ഭദ്രതയുമില്ലാത്ത, ബലഹീനമായ ക്രിസ്ത്യാനിത്വത്തിൽ നാം ഒരിക്കലും തൃപ്തിയടയരുത്. ഭാവിയിൽ നമുക്ക് പൂർണ്ണമായി അനുഭവിപ്പാനുള്ളതും, ദൈവമക്കളായതിനാൽ, ഇപ്പോൾ മുതൽ മഹത്വകരമായ അവകാശത്തിന്റെ മുൻനിഴലായ അനുഗ്രഹങ്ങൾ അനുഭവിച്ച് തുടങ്ങുന്നതുമായ ഭദ്രതയുള്ള ക്രിസ്ത്യാനിത്വത്തെയാണ് നാം സ്വീകരിക്കേണ്ടത്.

ക്രിസ് ബുള്ളാർഡ്

---

കുറിപ്പുകൾ

[1]കെന്നെത്ത് എസ്. വൂവെസ്റ്റ്, *വൂവെസ്റ്റ്സ്, വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 51. [2]ഇബിഡ്. [3]ഇബിഡ്. [4]സ്പിറോസ് സോദിയേറ്റ്സ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യൂടെസ്റ്റമെന്റ്*, 2ഡ് എഡി. (ചാറ്റനൂഗാ, ടെന്ന.: ഏഎംജി പബ്ലിഷേഴ്സ്, 1992), 918. [5]എസ്. ഡി. എഫ്. സാൽമണ്ട്, *"ദ എപ്പിസ്റ്റിൽ ടു ദ എഫെഷ്യൻസ്," ഇൻ ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, എഡി. ഡബ്ലിയു. റോബർട്ട്സൺ നിക്കോൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:273. [6]വൂവെസ്റ്റ്, 52. [7]ആൻഡ്ര്യു ടി. ലിങ്കൺ, *എഫെഷ്യൻസ്, വേർഡ് ബിബ്ലിക്കൽ കമെന്റ*റി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്സ്, 1990), 56. [8]വൂവെസ്റ്റ്, 175. [9]എതെൽബർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവെൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രറി, 1975), 436. [10]സോദിയേറ്റ്സ്, 911.

[11]വൂവെസ്റ്റ്, 54. [12]ബല്ലിഞ്ചർ, 498, 593, 900. [13]സോദിയേറ്റ്സ്, 912. [14]ബല്ലിഞ്ചർ, 422. [15]വൂവെസ്റ്റ്, 56. [16]ഇബിഡ്. [17]സാൽമണ്ട്, 279–80. [18]സോദിയേറ്റ്സ്, 910. [19]സി. ജി. വിൽക്കെ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്, ആന്റ് റെവ. ജോസെഫ് ഹെന്റി തേയർ (എഡിൻബറോ: ടി & ടി. ക്ലാർക്ക്. 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർബുക്ക് ഹൗസ്, 1977), 345; കൂടാതെ നോക്കുക, ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 541–42. [20]ബല്ലിഞ്ചർ, 312.